# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1818 04.12.2018 -ലെ മറുപടിയ്ക്ക്

## ഓപ്പൺ സർവ്വകലാശാല

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. പി. അനിൽ കുമാർ<br>,, വി. ടി. ബൽറാം | ഡോ. കെ. ടി. ജലീൽ<br>(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി ) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വിദൂരവിദ്യാഭ്യാസത്തിനായി ഓപ്പൺ സർവ്വകലാശാല സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇത് സംബന്ധിച്ച് ഉന്നതവിദ്യാഭ്യാസ കൗൺസിൽ നൽകിയ ശിപാർശകൾ എന്തൊക്കെയാണ്; | (ബി) | IGNOU മുൻ വൈസ് ചാൻസിലർ ഡോ. റാം തക്വാല കമ്മിറ്റി തയ്യാറാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഒരു ഓപ്പൺ സർവ്വകലാശാല സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടിക്രമങ്ങൾ നിർദ്ദേശിക്കാൻ സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ പ്രധാന കണ്ടെത്തലുകളും ശുപാർശകളും താഴെ ചേർക്കുന്നു.<br><br>1986 മുതലുള്ള ദേശീയ വിദ്യാഭ്യാസ നയത്തിന്റെ പശ്ചാത്തലത്തിലാണ് കേരളത്തിന് സ്വന്തമായൊരു ഓപ്പൺ സർവ്വകലാശാല എന്ന ആശയം ചർച്ച ചെയ്യപ്പെട്ടത്. വിദ്യാഭ്യാസത്തെ കൂടുതൽ ജനാധിപത്യവത്ക്കരിക്കുക, ആജീവനാന്ത പ്രക്രിയയായി പ്രോത്സാഹിപ്പിക്കുക എന്നീ നയങ്ങളുടെ അടിസ്ഥാനത്തിൽ ആണ് ഈ റിപ്പോർട്ട് തയ്യാറാക്കപ്പെട്ടത്. മുൻ ഹൈക്കോടതി ചീഫ് ജസ്റ്റിസ് ശ്രീ. എം.പി. മേനോൻ 1983 ൽ തയ്യാറാക്കിയ റിപ്പോർട്ട് |

മുതൽ 2010 ലെ പ്രൊഫ. റാം തക്വാല റിപ്പോർട്ട് വരെയുള്ള വിവിധ പഠനങ്ങളും റിപ്പോർട്ടുകളും ഈ ആവശ്യത്തിനെ പിൻതാങ്ങുന്നവയായിരുന്നു. 2018 ഫെബ്രുവരി 21 ന് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ ഇറക്കിയ ഒരു സർക്കുലർ പ്രകാരം കേരളത്തിലെ സർവ്വകലാശാലകൾക്ക് വിദൂര വിദ്യാഭ്യാസ കോഴ്സുകൾ തുടർന്ന് നടത്തുന്നതിന് തടസ്സം നേരിടുന്നതും ഓപ്പൺ യൂണിവേഴ്സിറ്റി എന്ന ആശയം യാഥാർത്ഥ്യമാക്കേണ്ടത് അനിവാര്യമാക്കിത്തീർത്തിരിക്കുന്നു.

ഇന്ദിരഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയുടെ ചട്ടങ്ങളും നിയമങ്ങളും, അക്കാദമിക്, അഡ്മിനിസ്ട്രേറ്റീവ് ഘടനയും കേരളത്തിനുതകുന്ന രീതിയിൽ സ്വീകരിച്ചുകൊണ്ടാവണം കേരള ഓപ്പൺ യൂണിവേഴ്സിറ്റി പ്രവർത്തിക്കേണ്ടത്.

KOU ന്റെ ആസ്ഥാനം തിരുവനന്തപുരമോ സർക്കാർ തീരുമാനിക്കുന്ന മറ്റേതെങ്കിലും സ്ഥലമോ ആവാമെന്ന് കമ്മിറ്റി ശുപാർശ ചെയ്തു. തുടക്കത്തിൽ തിരുവനന്തപുരം, കോട്ടയം, കൊച്ചി, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ പ്രാദേശിക കേന്ദ്രങ്ങളും ഓരോ പ്രാദേശിക കേന്ദ്രത്തിനും കീഴിൽ പഠന കേന്ദ്രങ്ങളും എന്നതാണ് റിപ്പോർട്ടിലെ നിർദ്ദേശം.

കേരള ഓപ്പൺ യൂണിവേഴ്സിറ്റി യാഥാർത്ഥ്യമാവുന്നതോടെ നിലവിൽ സർവ്വകലാശാലകൾ നടത്തുന്ന വിദൂര വിദ്യാഭ്യാസ സംവിധാനത്തിന് ഉണ്ടാകാവുന്ന പ്രശ്നങ്ങളും പരിഹാരങ്ങളും റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സർവ്വകലാശാലകളിൽ നിലവിലുള്ള വിദൂര വിദ്യാഭ്യാസ സൗകര്യ

| | | | |
|---|---|---|---|
| | | | ങ്ങൾ ഉപയോഗിച്ച് നിർദ്ദിഷ്ട ഓപ്പൺ യൂണിവേഴ്സിറ്റിയുടെ പ്രാദേശിക കേന്ദ്രങ്ങൾക്ക് ഉപയോഗപ്പെടുത്താവുന്നതാണ്. ഇതിലൂടെ പുതിയ സർവ്വകലാശാലയുടെ സ്ഥാപനത്തിനായി വരുന്ന ചെലവ് ഒരളവുവരെ കുറക്കാനാവും.<br><br>നിലവിലുള്ള സ്റ്റാഫ് സംവിധാനം ഓപ്ഷനിലൂടെയോ, മറ്റ് മാർഗ്ഗങ്ങളിലൂടെയോ നിർദ്ദിഷ്ട സർവ്വകലാശാലയ്ക്ക് പ്രയോജനപ്പെടുത്താം എന്നും റിപ്പോർട്ട് നിർദ്ദേശിക്കുന്നു. വിദൂര വിദ്യാഭ്യാസം സർവ്വകലാശാലകളിൽ നിന്ന് ഘട്ടം ഘട്ടമായി മാറ്റുവാൻ പാടുള്ളൂയെന്ന് റിപ്പോർട്ട് നിർദ്ദേശിക്കുന്നു. നിലവിൽ സർവ്വകലാശാലകൾക്ക് ഈ രംഗത്തുള്ള സൗകര്യങ്ങൾ പുതിയ സർവ്വകലാശാലയ്ക്ക് ഉപയോഗപ്പെടുത്താവുന്നതാണ്. അഫിലിയേറ്റിംഗ് സർവ്വകലാശാലകളുടെ വാർഷിക ഫണ്ട് വിതരണം വർദ്ധിപ്പിക്കണമെന്നും റിപ്പോർട്ടിൽ നിർദ്ദേശമുണ്ട്. |
| (സി) | ഓപ്പൺ യൂണിവേഴ്സിറ്റിയുടെ കരട് നിർദ്ദേശം സർക്കാർ പരിഗണിച്ചിട്ടുണ്ടോ എന്നറിയിക്കാമോ? | (സി) | പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ